# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 71 | **02.03.2020-** ൽ മറുപടിക്ക്

## കേരള പുനർനിർമ്മാണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>,, ജി.എസ്.ജയലാൽ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.വി.ആർ. സുനിൽകുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കേരള പുനർനിർമ്മാണ പദ്ധതി (റീബിൽഡ് കേരള ഇനിഷ്യേറ്റീവ്) സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>(ബി) ദുരന്തങ്ങളെ അതിജീവിക്കാൻ ശേഷിയുള്ള കേരളം നിർമ്മിക്കുക എന്ന ലക്ഷ്യത്തിലേക്കടുക്കുന്നതിനായി ഏതെല്ലാം മേഖലകളിലാണ് പരിഷ്കരണം നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) 2018 ലെ പ്രളയാനന്തരം, അതിജീവനക്ഷമതയുള്ളതും പരിസ്ഥിതി സൗഹൃദവുമായതരത്തിൽ പുനർനിർമാണം നടത്തുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവി (ആർ.കെ.ഐ)ന് സർക്കാർ രൂപം നൽകിയത്. മന്ത്രിസഭ, മുഖ്യമന്ത്രി അധ്യക്ഷനായ ഉപദേശകസമിതി, ചീഫ് സെക്രട്ടറി ചെയർമാനായ ഉന്നതാധികാര സമിതി, മുൻ ചീഫ് സെക്രട്ടറി ഡോ. കെ.എം. ഏബ്രഹാം അധ്യക്ഷനായ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്- ഇംപ്ളിമെന്റേഷൻ കമ്മിറ്റി എന്നിങ്ങനെയാണ് ആർ.കെ.ഐയുടെ ഘടന. ഭരണപരമായ പിന്തുണ നൽകുന്നതിനായി ആർ.കെ.ഐ. സെക്രട്ടറിയേറ്റും പ്രവർത്തിക്കുന്നു.<br>അതിജീവനക്ഷമതയുള്ള, പരിസ്ഥിതി സൗഹൃദമായ കേരള പുനർനിർമാണത്തിന്റെ അടിസ്ഥാനരേഖയായ കേരള പുനർനിർമാണ വികസനപരിപാടി (RKDP) സർക്കാർ അംഗീകരിച്ചിട്ടുണ്ട്. രാജ്യാന്തര തലത്തിലുള്ള വികസനപങ്കാളികളെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ വികസനപങ്കാളി സംഗമം 2019 ജൂലൈയിൽ നടത്തി. വികസന നയവായ്പയുടെ ആദ്യ ഗഡുവായി ലോകബാങ്കിൽനിന്ന് 1779.58 കോടി രൂപ ലഭ്യമായിട്ടുണ്ട്. കേരള പുനർനിർമാണ പരിപാടി കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കുന്നതിനായി **നമ്മൾ നമുക്കായി** എന്ന വിപുലമായ ജനസമ്പർക്ക പരിപാടി നടപ്പിലാക്കിവരുന്നു. 1865 കോടിയുടെ |

| | | | |
|---|---|---|---|
| | | | പുനർനിർമാണ പദ്ധതികൾക്ക് സർക്കാർ ഇതിനകം തത്വത്തിൽ അംഗീകാരം നൽകിക്കഴിഞ്ഞു. ഇവയിൽ 827 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായ കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. |
| (സി) | പ്രകൃതിദുരന്തങ്ങൾ ആവർത്തിക്കാൻ സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി ജനങ്ങളെ അവിടെ നിന്നും മാറ്റിത്താമസിപ്പിക്കുന്നതിനും ദുരന്തങ്ങൾ നേരിടുന്നതിന് സജ്ജരാക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; | (സി) | ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ) 2018 ൽ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ, മുൻപ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമിക്കുവാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി. പഠനത്തിൽ ഇത്തരത്തിൽ മാറ്റണം എന്നു കണ്ടെത്തിയ വീടുകളുടെ ഉടമകൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കാൻ 10 ലക്ഷം രൂപ വീതം നൽകിവരുന്നു.<br>ദുരന്ത മുന്നറിയിപ്പ് നൽകുന്നതിനും ദുരന്തത്തിൽ ഉൾപ്പെട്ടവരെ കണ്ടെത്തി രക്ഷാപ്രവർത്തനം നടത്തി ദുരന്തമേഖലയിൽനിന്ന് ഒഴിപ്പിക്കുന്നതിനും ദുരിതാശ്വാസ കേന്ദ്രങ്ങളുടെ നടത്തിപ്പിനും മറ്റുമായി ഓരോ തദ്ദേശ സ്ഥാപനവും നാല് അടിയന്തര പ്രതികരണ ടീമുകൾക്ക് രൂപം നൽകണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനതലത്തിൽ ദുരന്തനിവാരണ പദ്ധതി തയാറാക്കുന്നതിനും അതു വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമുള്ള വിപുലമായ പരിപാടിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. |
| (ഡി) | വനത്തിന്റെയും തണ്ണീർത്തടങ്ങളുടെയും പാരിസ്ഥിതിക സ്വഭാവം | (ഡി) | കേരളപുനർനിർമാണ പരിപാടി കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന **നമ്മൾ നമുക്കായി** എന്ന |

| | | | |
|---|---|---|---|
| | നിലനിർത്തുന്നതു സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കുമ്പോൾ പ്രാദേശിക സമൂഹങ്ങളുടെ ഇടപെടൽ ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | വിപുലമായ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി വനത്തിന്റെയും തണ്ണീർത്തടങ്ങളുടെയും പാരിസ്ഥിതിക സ്വഭാവം നിലനിർത്തുന്നതു സംബന്ധിച്ച് പ്രാദേശിക സമൂഹങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും സ്വരൂപിക്കുന്ന പ്രക്രിയ നടന്നുവരുന്നു. ഗ്രാമസഭകളിലും വികസന സെമിനാറുകളിലും പങ്കെടുത്തും റീബിൽഡ് കേരള വെബ് സൈറ്റിലൂടെയും നിർദേശങ്ങൾ സ്വീകരിച്ചുവരുന്നു. തണ്ണീർത്തടങ്ങളിലെ കയ്യേറ്റത്തിന്റെ ഫലങ്ങളും മനുഷ്യ ഇടപെടലുകൾ ഒഴിവാക്കുന്നതിനുള്ള മാർഗങ്ങളും പ്രാദേശികമായി ചർച്ചചെയ്യുവയ്ക്കുന്നുണ്ട്.<br>വനപരിപാലനവുമായി ബന്ധപ്പെട്ട്, വനമേഖലയ്ക്കു സമീപം താമസിക്കുന്ന സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള മാർഗങ്ങൾ, മനുഷ്യനും വന്യമൃഗങ്ങളുമായുള്ള സംഘർഷത്തെ സുസ്ഥിരമായി പരിഹരിക്കുന്നതിനുള്ള വഴികൾ, കാട് വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും പ്രാദേശിക സമൂഹത്തെ പ്രോൽസാഹിപ്പിക്കൽ തുടങ്ങിയവ സംബന്ധിച്ച നിർദേശങ്ങൾ പ്രദേശികമായി സ്വരൂപിക്കുകയും പ്രസക്തമായവ കേരളപുനർനിർമാണ പരിപാടിയുടെ ഭാഗമാക്കുകയും ചെയ്യുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**